## 555

പൊന്നേശു തമ്പുരാൻ നല്ലോരു രക്ഷകൻ
എന്നെ സ്നേഹിച്ചു തൻജീവൻ വച്ചു

1 സ്വർഗ്ഗസിംഹാസനം താതന്റെ മാർവ്വതും
ദൂതന്മാർ സേവയും വിട്ടെൻപേർക്കായ് ദാസനപ്പോലവൻ
ജീവിച്ചു പാപിയെൻ ശാപം ശിരസ്സതിലേറ്റിടുവാൻ!

2 തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ
കൊള്ളക്കാരൻ പോലെ ക്രൂശിൽ തൂങ്ങി
ഉള്ളുമുരുകന്നെൻ ചങ്കുതകരുന്നെൻ കണ്ണു നിറയുന്നെൻ രക്ഷകനേ!-

3 എന്തൊരു സ്നേഹമീ സാധുവെ ഓർത്തു നീ
സന്താപസാഗരം തന്നിൽ വീണു!
എന്നെ വിളിച്ചു നീയെന്നെ എടുത്തു നീ
നിന്നോമനപ്പൈതലായ് തീർത്തുവല്ലോ!

4 പാപം പെരുകിയ സ്ഥാനത്തു കൃപയും ഏറ്റം പെരുകിയതാശ്ചര്യമേ!
പാപിയിൽ പ്രധാനിയായിരുന്ന ഞാനും
സ്നേഹത്തിൻ പുത്രന്റെ രാജ്യത്തിലായ്-

5 ഭൂലോക മായയിൽ മോഹം പതിച്ചെന്റെ കാലം ഞാൻ പാഴിൽ
കളഞ്ഞിടായ്‌വാൻ സ്വർല്ലോക രാജ്യത്തിൽ
തങ്കക്കിരീടത്തിലുല്ലാസമേകണേ പൊന്നേശുവേ!-

6 പാപം ചെയ്യാതെന്നെ കാവൽ ചെയ്തിടുവാൻ
സർവ്വേശാ! തൃക്കൈയിലേൽപ്പിക്കുന്നേൻ
രാപ്പകൻ നീയെന്നെ വീഴ്ചയിൽ നിന്നെന്റെ
സ്വപ്നത്തിൽ കൂടെയും കാക്കേണമേ!

7 കർത്താവു വേഗത്തിൽ മേഘങ്ങളിൽ കോടി
ദൂതന്മാരാർപ്പുമായ് വന്നിടുമ്പോൾ എന്നിൽ കനിഞ്ഞെന്നെ
മാർവ്വോടണച്ചെന്റെ സങ്കടം തീർക്കണം രക്ഷകനേ!-

M.K.